# ‘സഹിഷ്ണതയുള്ളവരായിരിപ്പീൻ’

## എബ്രായർ 10:35–36

“അതുകൊണ്ടു മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുതു. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണത നിങ്ങൾക്കു ആവശ്യം.”

ഈ അദ്ധ്യായത്തിന്റെ 31-ാം വാക്യം മുതൽ, വിശ്വാസികൾക്ക് വലിയൊരു മുന്നറിയിപ്പയിട്ടാണ് കർത്താവിന്റെ വചനം എഴുതപ്പെട്ടിരിക്കുന്നത്. അത് അവന്റെ നാമ മഹത്വത്തിനായി, കഷ്ടതകളിലും പീഢകളിലും സഹിഷ്ണത കാണിപ്പാനും തങ്ങളുടെ ആത്മധൈര്യം ചോർന്നുപോകാതെ കർത്താവിൽ പൂർണ്ണ ആശ്രയം വെയ്പ്പാനും ആഹ്വാനം ചെയ്യുന്നു. എബ്രായ ലേഖനം ആദ്യം മുതൽ തന്നെ ക്രിസ്തീയ വിശ്വാസികൾക്കുള്ള വലിയ മുന്നറിയിപ്പായിട്ടാണ് എഴുതപ്പെട്ടിരിക്കുന്നത്. അത്, ക്രിസ്തുവിൽ ആയിരിക്കുന്ന ഒരു വ്യക്തി അതിൽ നിന്നു മാറിപ്പോവുകയോ, പിന്തിരിയപ്പെടുകയോ ചെയ്താലുള്ള ഭവിഷ്യത്തുകൾ വളരെ വ്യക്തതയോടും അന്വേഷണോന്മുഖമായും വെല്ലുവിളികൾ നിറഞ്ഞ രീതിയിലും എഴുതപ്പെട്ടിരിക്കുന്നതായി നമുക്ക് കാണാം. ഒരിക്കലും ഒരു യഥാർഥ വിശ്വാസി ക്രിസ്തുവിൽ നിന്നു മാറിപ്പോവാൻ ആഗ്രഹിക്കുന്നില്ല എന്നിരുന്നാലും അവന്റെ മനസ്സിനെ പിടിച്ചു വലിക്കുന്നതായ ബാഹ്യമായ ലോകത്തിന്റെ ശക്തികൾ ഒരുപക്ഷെ അവനെ ആ പാതയിൽ നിന്നു മാറ്റുവാൻ ശ്രമിച്ചാലും, നമ്മെയും നമ്മുടെ ഹൃദയത്തിന്റെ അന്തർഗദങ്ങളെയും അറിയാവുന്നവനായ കർത്താവ് നമ്മുടെ മനസ്സിന്റെ ആഗ്രഹങ്ങളെ ശോധന ചെയ്യുകയും അതിനു തക്ക പ്രതിഫലം നമുക്ക് നൽകുകയും ചെയ്യും, അത് നാം അവനിലേക്ക് മടങ്ങിവരുമെങ്കിൽ മാത്രം.

ഇവിടെ പ്രതിപാദിച്ചിരിക്കുന്ന പ്രതിഫലം നമ്മുടെ കർത്താവയ ക്രിസ്തു നമ്മെ ചേർത്തുകൊണ്ടതിന്നു ശേഷം നമ്മുടെ പ്രവൃത്തികൾക്കൊത്ത് ന്യായം വിധിക്കുമ്പോൾ ലഭിക്കുന്നതാണ്. അത് നാം ഈ ഭൂമിയിലായിരിക്കുമ്പോൾ ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവൃത്തി നമ്മുടെ ജീവിതത്തിൽ ഉണ്ടായെങ്കിൽ മാത്രമേ സാധ്യമാവൂ. 2 കൊരിന്ത്യർ 5:9–11 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു “അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.” ഒരുപക്ഷേ ഈ പ്രതിഫലം കർത്താവിനോടുള്ള

നമ്മുടെ അനുസരണമില്ലായ്മ കൊണ്ട് നഷ്ടപ്പെട്ടേക്കാം. ആയതിനാൽ എബ്രായ ലേഖകൻ ഈ ലേഖനത്തിലുടനീളം വിശ്വാസികളെ പ്രബോധിപ്പിച്ചു കൊണ്ടിരിക്കുന്നത് ഒരു കാര്യം മാത്രം, നിങ്ങൾ ഏതു കഷ്ടതയിലും സഹിഷ്ണത കാണിപ്പിൻ. അതു വെറുതെയല്ല പിന്നെയോ “ആകയാൽ നാമും സാക്ഷികളുടെ ഇത്രവലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതു കൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.” എന്നുള്ള വലിയ ആഹ്വാനമാണ് നൽകുന്നത്.

പ്രിയരെ ഈ ലോകജീവിതം, നാം വിചാരിക്കുന്നതുപോലെ അത്ര എളുപ്പവും കഷ്ടതകളൊന്നുമില്ലാത്തതും ആയിരിക്കും എന്ന് ദൈവം ഒരിക്കലും നമ്മോട് പറഞ്ഞിട്ടില്ല. അവനെ വാസ്തവത്തിൽ അറിഞ്ഞവർക്ക് അവൻ ഒരുക്കിയിരിക്കുന്ന ജീവിതത്തിൽ ലോകം നമ്മെ പകെയ്ക്കുക തന്നെ ചെയ്യും കാരണം അവനും ഈ ലോകത്താലും ലോകക്കാരാലും പകെയ്ക്കപ്പെട്ടതാണ്. എന്നാൽ ജീവിതത്തിന്റെ ഏതൊരവസ്ഥയിലും നമ്മെ വഴിനടത്തുന്നതിനാണ് അവൻ തന്റെ പരിശുദ്ധാത്മാവിനെ നമ്മുടെ ഉള്ളങ്ങളിൽ നൽകിയിരിക്കുന്നത്. അത് നാം അവനോട് അനുസരണയുള്ളവരായി അവനു പ്രസാദമുള്ള പ്രവൃത്തികൾ ചെയ്‌വാൻ തക്കവണ്ണം നമ്മെ ആനയിക്കുകയും ജീവിതത്തിന്റെ ഏതൊരവസ്ഥയിലും ദൈവീക സന്തോഷത്തിലും, സമാധാനത്തിലും, സ്നേഹത്തിലും നിറഞ്ഞുവരുവാൻ നമ്മെ സഹായിക്കുകയും ചെയ്യും. അതുകൊണ്ട് ജീവിതത്തിൽ സഹിഷ്ണത കാണിപ്പാൻ പരിശ്രമിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :
റോമർ 5:3–4
അതു തന്നേ അല്ല, കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു

ബ്രദർ. ബിനു ബേബി ആലപ്പുഴ 119